(2) അടയ്ക്കാ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ബാലറാം : സർ, കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന അടയ്ക്കകൃഷിക്കാരുടെ ദയനീയമായ ദുരവസ്ഥ ചൂണ്ടിക്കാണിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ അടയ്ക്ക കൃഷിക്കാർ ഇന്ന് സ്ഫോടനാത്മകമായ ഒരു സ്ഥിതിവിശേഷത്തെ നേരിടുകയാണ്. 20 കിലോ അടയ്ക്കയ്ക്ക് 2 വർഷം മുമ്പ് രണ്ടായിരത്തിനും മൂവായിരത്തിനും ഇടയ്ക്ക് രൂപ വിലയുണ്ടായിരുന്നത് ഇപ്പോൾ ആയിരത്തിന് താഴെ എത്തി നിൽക്കുകയാണ്. കർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ സംസ്ഥാന ഗവണ്മെന്റ് കഴിയുന്നത്ര കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. ഈ വർഷം അടയ്ക്കാ കർഷകർക്ക് അല്പം ആശ്വാസം പകർന്ന് കിലോഗ്രമിന് 10 രൂപ സബ്സിഡി കൊടുക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനമായിരിക്കുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ കാംപ്കോയുമായി സഹകരിച്ച് 110 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുമെന്നാണ് സർക്കാരിന്റെ തീരുമാനമുണ്ടായിരിക്കുന്നത്. പക്ഷേ അത് വേണ്ടത്ര ഫലപ്രദമായി എത്തിയില്ല എന്നുള്ളതാണ് സത്യം. കാംപ്കോ എന്ന് പറയുന്നത് ഒരു സഹകരണസ്ഥാപനമാണെന്ന് നമുക്കെല്ലാപേർക്കുമറിയാം. അതിന്റെ ആസ്ഥാനം മംഗലാപുരമാണ്. കാംപ്കോയാണ് ഇവിടെ സബ്സിഡി നൽകുന്നത്. കാംപ്കോയുടെ ജെ.ജെ., ജെ.എസ്സ്.എസ്സ്. എന്നീ ഗ്രേഡുകൾ മാത്രമാണ് സംരക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് സാധാരണ അടയ്ക്കാ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ ഗ്രേഡിൽപ്പെടാത്ത അടയ്ക്കയ്ക്ക് സബ്സിഡി ലഭിക്കാത്ത ഒരു സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. അത് മാത്രമല്ല കാംപ്കോ എന്ന് പറയുന്നത് ഉദ്യോഗസ്ഥൻമാരടങ്ങിയ ഒരു സഹകരണസംഘമായതുകൊണ്ട് മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്കാണ് പല കാംപ്കോ സംഘങ്ങളും അടയ്ക്ക സംഭരിക്കുന്നത്. അതുകൊണ്ട് യഥാർത്ഥത്തിലുള്ള വില കർഷകർക്ക് ലഭിക്കാത്ത ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. അത് മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് ആകെ 18 സെന്ററുകളിൽ കാംപ്കോയ്ക്ക് സംഭരണ കേന്ദ്രങ്ങളുണ്ട്. തൃശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം പഴഞ്ഞി, കുന്ദംകുളം, വടക്കാഞ്ചേരി തുടങ്ങിയ അടയ്ക്കായുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സംഭരണ കേന്ദ്രങ്ങളില്ലാത്തതുകൊണ്ട് അവിടെയുള്ള അടയ്ക്കാ കർഷകർക്ക് തൃശൂരിൽ കൊണ്ടുവന്ന് അടയ്ക്ക കൊടുക്കേണ്ട ഒരു സാഹചര്യമാണിന്ന് നിലനിൽക്കുന്നത്. അതുമാത്രമല്ല കാംപ്കോ മാർക്കറ്റ് വില കൊടുക്കുന്നില്ലെന്ന ഒരു പരാതിയും വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ കാംപ്കോയ്ക്ക് കൊടുക്കുന്ന സബ്സിഡി പലപ്പോഴും സമയത്തിന് ലഭ്യമാക്കാത്തതുകൊണ്ട് കാംപ്കോ പലപ്പോഴും അടയ്ക്ക സംഭരണം നിർത്തിവയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇത് അടയ്ക്കാ കർഷകരെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു മാത്രമല്ല, കാംപ്കോ ചെയ്യുന്നത്, കുത്തക കച്ചവടക്കാരെ സഹായിക്കുന്നതിന് പ്രേരകമായിട്ടുള്ള ചില നടപടികളാണ്. ഇങ്ങനെ അടയ്ക്ക മൊത്തത്തിൽ വാങ്ങുകയും, അവർക്ക് സബ്സിഡി കൊടുക്കുകയും ചെയ്യുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമാണ് പല സ്ഥലത്തും ചെയ്യുന്നത്. അടയ്ക്കാ കൃഷിക്കാർക്ക് സബ്സിഡി കൊടുക്കുന്നതിന് കൃഷിഭവന്റെ സർട്ടിഫിക്കറ്റ് വേണമെന്നാണ് തീരുമാനം. കൃഷിഭവന്റെ സർട്ടിഫിക്കറ്റ് കിട്ടാൻ ബുദ്ധിമുട്ടുണ്ട്. സർട്ടിഫിക്കറ്റ് കിട്ടിയാൽത്തന്നെ അടയ്ക്കാ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിലുള്ള വില പലപ്പോഴും കിട്ടാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇപ്പോൾ ഇതിന്റെ പീക് ടൈം കഴിഞ്ഞു. അതുകൊണ്ട് അടുത്ത വർഷമെങ്കിലും അടയ്ക്കാ സംഭരണത്തിനുള്ള സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. ഓരോ പഞ്ചായത്തിലും കൃഷിഭവനുകളുണ്ട്. അടയ്ക്ക കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പ്രദേശങ്ങളിൽ കൃഷിഭവനുകൾ വഴി അടയ്ക്ക സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുകയാണെങ്കിൽ കൃഷിക്കാർക്ക് അത് വളരെയധികം സഹായകരമാകുമെന്ന് മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ സർക്കാരിന്റെ കീഴിലുള്ള കൃഷിഭവനുകളായതുകൊണ്ട് മാർക്കറ്റ് വിലയ്ക്കുതന്നെ അടയ്ക്ക സംഭരിക്കാൻ അവർക്ക് സാധിക്കുകയും ചെയ്യും. അതിനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ അടയ്ക്ക മറ്റ് രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നതുകൊണ്ട് വളരെയധികം പ്രയാസം നമ്മുടെ സംസ്ഥാനത്തെ അടയ്ക്കാ കൃഷിക്കാരെ സംബന്ധിച്ചിടത്തോളമുണ്ട്. ഡ്രൈഫ്രൂട്ട് എന്ന വ്യാജേനയാണ് അടയ്ക്ക ഇറക്കുമതി ചെയ്യുന്നത്. അതുകൊണ്ട് കള്ളക്കടത്ത് തടയാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെതന്നെ സഹകാര്യ ബാങ്കുകളിൽനിന്ന് വായ്പയെടുത്ത് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള അടയ്ക്കാ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം, അവർക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ പദ്ധതിയുണ്ടാക്കണമെന്നാണ് എനിക്ക് വിനീതമായിട്ട് അഭ്യർത്ഥിക്കുവാനുള്ളത്. അടയ്ക്കാ തോട്ടങ്ങളിൽ ഇന്ന് കാണുന്ന മഞ്ഞളിപ്പ് രോഗം. ഇത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇത് ഫലപ്രദമായി തടയുന്നതിനുള്ള പ്രതിരോധ മരുന്ന് കണ്ടുപിടിക്കുന്നതിന് വേണ്ടത്ര ശാസ്ത്രീയമായ പഠനം ഇതുവരെ ഉണ്ടായിട്ടില്ല. മംഗലാപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന കാംകോ മാതൃകയിൽ കേരളത്തിൽ സഹകരണമേഖലയിൽ ഒരു സ്ഥാപനത്തിന് രൂപം കൊടുക്കാനും അതുവഴി അടയ്ക്കാ സംഭരിക്കാനും സർക്കാർ നടപടി സ്വീകരിയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, സ്പെഷ്യൽ പാക്കേജിൽ 100 കോടി രൂപ എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും വേണ്ടിയാണ് നീക്കിവച്ചിട്ടുള്ളത്. അടയ്ക്കാ കൃഷിക്ക് 10 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. 10 കോടി രൂപ 2002 വർഷത്തിൽ ഉപയോഗിക്കാൻ പറ്റാത്തതുകൊണ്ട് 2003-ലാണ് ഉപയോഗിച്ചത്. 2002 ആയപ്പോൾ അടയ്ക്കാ വില 3664 രൂപയായി കുറയുകയും ചെയ്തു. അതുമൂലമാണ് കാംപ്കോ മുഖേന 2003 ഫെബ്രുവരിയിൽ അടയ്ക്ക എടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചത്. അതനുസരിച്ച് കാംപ്കോ ഈ പ്രാവശ്യം 80,247.832 കിന്റൽ അടയ്ക്ക സംഭരിച്ചു കഴിഞ്ഞു. ഇന്നിപ്പോൾ അടയ്ക്കയ്ക്ക് 5,000 രൂപാ മുതൽ 6,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

വരെ വിലയുണ്ട്. സംഭരണം ആരംഭിച്ചതിനുശേഷമുള്ള സ്ഥിതിവിശേഷമാണ് ഞാൻ പറഞ്ഞത്. സംഭരണത്തിൽ ഉയർന്ന നിലവാരം നിഷ്ക്കർഷിക്കുന്നതിനാണ് എസ്.എസ്.എസ്., ജെ.ജെ.ജെ. ഗ്രേഡുകളിൽ അടയ്ക്ക സംഭരിക്കുന്നതിനു വേണ്ടിയുള്ള നടപടികളെടുത്തതിന് പുറമേ വില പറഞ്ഞ് അടയ്ക്ക സംഭരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അടയ്ക്കായുടെ അനധികൃതമായ ഇറക്കുമതിയും, കള്ളക്കടത്തും തടയുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കർഷകർ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കടത്തിന് കടാശ്വാസ നിയമപ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഈ കാലത്ത് കൂടുതലായി എടുത്തിട്ടുള്ള കടത്തിന്റെ പിഴപ്പലിശയ്ക്ക് ഇളവ് ചെയ്തിരുന്നു. 30 ഗഡുക്കളായിട്ട് അടയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഇന്നും നിലനിൽക്കുകയാണ്. ഇതിന് പുറമെ ബാങ്ക് മുഖാന്തിരം വന്നിട്ടുള്ള ചില നടപടികൾക്ക് ബാങ്കിൽ നോട്ട് കൊടുത്തിട്ടുണ്ട്. അതും ഉപയോഗിക്കാവുന്നതാണ്. പുതിയതായിട്ടുള്ള വിധത്തിൽ പണം കൊടുക്കുന്നതിനുള്ള നടപടികൾ ആലോചിച്ചിട്ടില്ല. കമുകിൻ തോട്ടങ്ങളിൽക്കാണുന്ന മഞ്ഞളിപ്പ് രോഗത്തിന് കാരണം, വെള്ളക്കെട്ട് കൊണ്ട് കമുകിന്റെ വേരിൽ കേടുണ്ടാക്കുന്ന സൈറ്റോ പ്ലാസ്മ എന്ന രോഗബാധയാണെന്ന് ഇപ്പോൾ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി മനസ്സിലാക്കിയിട്ടുണ്ട്. മണ്ണിൽ വായു സഞ്ചാരം കൂട്ടുക, ജലനിർഗമനം നടത്തുക, വളപ്രയോഗം, കീടരോഗനിയന്ത്രണം തുടങ്ങിയ പരിപാലന മുറകൾ മുറയ്ക്ക് നടത്തിയാൽ ഇവ മാറുന്നതാണെന്നും കണ്ടുപിടിച്ചിട്ടുണ്ട്. അത് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കാനും, അതിനുള്ള കൂടുതൽ പബ്ലിസിറ്റി കൊടുക്കുന്നതിനും വേണ്ടിയുള്ള നടപടികൾ ഗവണ്മെന്റ് എടുക്കുന്നതാണ്. കൃഷി ഓഫീസുകൾ മുഖാന്തിരം അടയ്ക്ക സംഭരിക്കണമെന്ന് പറഞ്ഞു. അതിനുള്ള സംഘടനയില്ല; സമ്പത്തുമില്ല. ഇപ്പോൾ കൊടുക്കുന്നത് ഹാൻഡ്ലിംഗ് ചാർജ് മാത്രമാണ്. ഗവൺമെന്റിന് അടയ്ക്ക എടുക്കുന്നതിനുതക്കവിധത്തിലുള്ള സംവിധാനമില്ല. ഇന്ന് സംവിധാനമുള്ളത് അടയ്ക്ക എടുത്തുകൊണ്ടിരിക്കുന്ന കാംപ്കോയ്ക്ക് മാത്രമാണ്. അതുകൊണ്ടാണ് അവരെ ഏൽപ്പിച്ചത്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് അവരുടേതായിട്ടുള്ള ചരക്ക് എടുക്കുന്നതിനുവേണ്ടിയുള്ള സെന്റർ വേണമെങ്കിൽ എഴുതിത്തന്നാൽ അവരുമായിട്ട് ചർച്ച ചെയ്ത് ആവശ്യമായിട്ടുള്ള നടപടികളെടുക്കാം.

ശ്രീ. വി. ബാലറാം : സർ, മംഗലാപുരം കേന്ദ്രമായിട്ടുള്ള കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കാംപ്കോ. അതിൽ കേരളവും പങ്ക് ചേർന്നിരിക്കുകയാണ്. കേരളത്തിലെ തനതായ കാംപ്കോ പോലുള്ള ഒരു സ്ഥാപനത്തിന് രൂപം കൊടുക്കുന്നതിന്, ഈ അടയ്ക്ക സംഭരണം പോലുള്ള, അടയ്ക്കയുമായി ബന്ധപ്പെട്ട ബിസിനസ് ചെയ്യുന്നതിന്, ഒരു സ്ഥാപനം ആരംഭിക്കാൻ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി മുൻകൈ എടുക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സർ, ഇങ്ങനെയൊന്ന് തുടങ്ങാൻ സാധിക്കുമോയെന്ന് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിക്കാം. കാംപ്കോയെ ഇവിടെ വിളിച്ചുവരുത്തിയത് നമ്മളാണ്. പഴയ കാലത്ത് കൊക്കോ

LIBRARY ARCHIVES Kerala Legislative Assembly

അധികമായി ഉൽപ്പാദിപ്പിക്കപ്പെടുകയും കൊക്കോ എടുത്തുകൊണ്ടിരുന്ന വിദേശക്കമ്പനിയായ card bury പിന്മാറുകയും ചെയ്തപ്പോൾ കാംപ്കോയെ വിളിച്ച് വരുത്തിയത് കേരള സർക്കാരാണ്. ഇന്നു അടയ്ക്കാ എടുപ്പിച്ചു. അവരത് ഫലപ്രദമായി ചെയ്തു. ഇപ്പോഴും എടുത്തുകൊണ്ടിരിക്കുകയാണ്. കാംപ്കോ കേരളവും കർണ്ണാടകവും ഒന്നിച്ച് ചേർന്നുകൊണ്ടുള്ള ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. കേരളത്തിനും അതിൽ ഷെയറുണ്ട്. അങ്ങനെയാണ് കാംപ്കോയെ വിളിച്ചത്. മറ്റൊരു സ്ഥാപനമുണ്ടാക്കാൻ കഴിയുമോയെന്ന് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റുമായിട്ട് ആലോചിച്ചു നോക്കാം.

IV സബ്മിഷൻ

(1) ആലത്തൂർ മണ്ഡലത്തിലെ നെൽകൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കൽ

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ആലത്തൂർ അസംബ്ളി നിയോജക മണ്ഡലത്തിലെ കാവശ്ശേരി, ആലത്തൂർ, മേലാർക്കോട് പഞ്ചായത്തുകളിലായി സുമാർ മൂവായിരത്തോളം ഏക്കർ നെൽകൃഷി ഭൂമി ആവശ്യത്തിന് വെള്ളം കിട്ടാതെ ഉണങ്ങി നശിക്കുകയാണ്. കഴിഞ്ഞ രണ്ടാം വിള പൂർണ്ണമായും ഈ മേഖലയിൽ നശിച്ചു. ഇതിനുകാരണം ഈ മേഖലയിലേയ്ക്ക് ജലസേചനം നടത്തുന്നത് ചേരാമംഗലം പ്രോജക്റ്റിൽ നിന്നാണ്. മഴ പെയ്ത് കിട്ടുന്ന സ്വാഭാവിക വെള്ളവും മലമ്പുഴ ഡാമിൽ നിന്ന് അനുവദിക്കുന്ന വെള്ളവുമാണ് ജലസേചനത്തിന് വേണ്ടി ഉപയോഗിക്കുന്നത്, ഇപ്പോൾ മലമ്പുഴയിൽ നിന്ന് ഈ പ്രോജക്റ്റിലേക്ക് വെള്ളം വരുന്നത് മേലാർകോട് പഞ്ചായത്തിന്റെ തൊട്ടപ്പുറത്തുള്ള പല്ലശ്ശേന പഞ്ചായത്തിലൂടെ മലമ്പുഴയിലെ വെള്ളം ഒഴുകിവന്ന് ഗായത്രി പുഴയിലേക്ക് ചാടിച്ച് ഏതാണ്ട് 5 കിലോമീറ്റർ ദൂരം പുഴയിലൂടെ ഒഴുകിയിട്ടാണ് ചേരാമംഗലം പ്രോജക്റ്റിലേക്ക് വെള്ളം എത്തിക്കുന്നത്. ഈ 5 കിലോമീറ്ററിനിടയിൽ ഇപ്പോൾ നിരവധി ചെക്ക്ഡാമുകൾ ആ പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. മലമ്പുഴ വെള്ളം ഒഴുകി വരുമ്പോൾ അത് തടഞ്ഞുനിർത്തുന്ന സ്ഥിതിവിശേഷമാണ്. ഇപ്പോൾ സംജാതമായിട്ടുള്ളത്. ചെക്ക്ഡാം കെട്ടണ്ട എന്ന് നമുക്ക് പറയാൻ കഴിയില്ല. മലമ്പുഴ വെള്ളം നേരെ ചേരാമംഗലം പ്രോജക്റ്റിലേക്ക് എത്തുന്നതിന് വേണ്ടി കനാൽ കെട്ടണം. നിലവിൽ കനാലുണ്ട്. അതിന്റെ വീതി കൂട്ടി വെള്ളം ഈ മേഖലയിലേയ്ക്ക് നേരിട്ട് എത്തിക്കാനും കൃഷി ഉണങ്ങുന്നത് ഇല്ലാതാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട ചെന്താമരാക്ഷൻ അതിന്റെ വസ്തുതകൾ ഇവിടെ പറഞ്ഞു. ഞാനത് റിപ്പീറ്റ് ചെയ്യേണ്ട ആവശ്യമില്ല. അദ്ദേഹം പറഞ്ഞതുപോലെ ചേരാമംഗലം ആയക്കെട്ടിൽ വെള്ളം കിട്ടാത്ത ഒരു അവസ്ഥാവിശേഷമുണ്ട്. കഴിഞ്ഞ സീസണിൽ ഇത് അനുഭവപ്പെടുകയുണ്ടായി. അതിനെത്തുടർന്ന് ഡിപ്പാർട്ടുമെന്റ് തലത്തിൽ നടത്തിയ ചർച്ചയിൽ മനസ്സിലായത് പല്ലശ്ശന പഞ്ചായത്തിലെ കുമാരപുത്തൂർ ബ്രാഞ്ച് പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയെങ്കിലേ

LIBRARY ARCHIVES Kerala Legislative Assembly